പിറവം ഗവൺമെൻറ് ആശുപത്രിയിൽ എക്സ്റേ പ്ലാൻറ്

65 [83] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം ഗവൺമെൻറ് ആശുപത്രിയിൽ ഒരു എക്സ്റേ പ്ലാൻറ് സ്ഥാപിക്കണമെന്ന ആവശ്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് എന്ന് സ്ഥാപിച്ചു പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു ലക്ഷം രൂപ മുടക്കി 100 എം. എ. എക്സ്റേ യൂണിറ് പിറവം ഗവൺമെൻറാശുപത്രിയിൽ സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ടി ആശുപത്രിയിൽ എക്സ്റേ യൂണിറ് സ്ഥാപിക്കുന്നതിനുള്ള ത്രീഫേസ് ഇലക്ട്രിക് കണക്ഷൻ, സ്ഥലസൗകര്യം, ഡാർക്ക് റൂം സ്ഥാപിക്കുന്നതിനുള്ള സൗകര്യം എന്നിവ ശരിയാക്കുന്ന മുറയ്ക്ക് എക്സ്റേ യൂണിറ് സ്ഥാപിക്കുന്നതാണ്. ഇതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

എക്സ്റേ ഉപകരണങ്ങൾ ഇല്ലാത്ത താലൂക്ക് ആശുപത്രികൾ

66 [84] ശ്രീ. എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ്റേ ഉപകരണങ്ങൾ ഇല്ലാത്ത എത്ര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ സംസ്ഥാനത്തുണ്ട് ;

(ബി) ഈ ആശുപത്രികളിൽ എക്സ്റേ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 8 (എട്ട്)

(ബി, സി) കോതമംഗലം ആശുപത്രിയിൽ എക്സ്റേ യൂണിറ് സ്ഥാപിക്കുന്നതിനും ഡാർക്ക് റൂം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു. മറ് താലൂക്കാശുപത്രികളിലും സ്ഥലത്തിൻറെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി എക്സ്റേ യൂണിറ് സ്ഥാപിക്കുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജ് റഫറൽ ആശുപത്രിയാക്കാനുള്ള തീരുമാനം

67 [85] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് റഫറൽ ആശുപത്രിയാക്കുവാനുള്ള തീരുമാനം എന്നാണ് എടുത്തത് ;

(ബി) ഈ മെഡിക്കൽ കോളേജ് റഫറൽ ആശുപത്രി ആക്കി മാറ്റുമ്പോൾ കോഴിക്കോടു ജില്ലയിലുള്ള മറ് ഏതെല്ലാം ആശുപത്രികളിലും പ്രൈമറി റഫറൽ സെൻററുകളിലുമാണ് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-4-1986 മുതൽ റഫറൽ ആശുപത്രിയാക്കാനുള്ള തീരുമാനം 1986 മാർച്ച് മാസത്തിലാണ് എടുത്തത്.

(ബി) 1. കോഴിക്കോട് ജില്ലാ ആശുപത്രി.
2. കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി.
3. വടകര, കൊയിലാണ്ടി എന്നീ താലൂക്കാശുപത്രികൾ.
4. കക്കോടി, കുന്നമംഗലം, അരിപ്പെട്ട, മേപ്പയ്യൂർ, കക്കയം, കുന്നുമ്മേൽ, കേടിയത്തൂർ, ഫറോക്ക്, അരിക്കുളം എന്നീ സർക്കാർ ഡിസ്പെൻസറികൾ.
5. താമരശ്ശേരി, നാദാപുരം തുടങ്ങിയ സർക്കാർ ആശുപത്രികൾ.

അകലക്കുന്നം പി. എച്ച്. സെൻററിന്റെ പഴയ കെട്ടിടം

68 [86] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലകുന്നം പി. എച്ച്. സെൻററിന്റെ പഴയ കെട്ടിടം പഞ്ചായത്തിന് കൈമാറണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത കെട്ടിടം ജീർണ്ണിച്ചു പോകാതെ പഞ്ചായത്തിന് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഈ ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചാർജ്ജുള്ള മെഡിക്കലോഫീസറുടെ ക്വാർട്ടേഴ്സ് ആയി ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് കൈമാറാൻ സാദ്ധ്യമല്ല.

പനച്ചിക്കാട് പി. എച്ച്. സെൻററിന്റെ കെട്ടിടം പണി

69. [87] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പനച്ചിക്കാട് പി. എച്ച്. സെൻററിനുവേണ്ടിയുള്ള കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ കെട്ടിട നിർമ്മാണം

70. [88] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ കെട്ടിടം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കെട്ടിടനിർമ്മാണം പൂർത്തിയാക്കാറായിട്ടുണ്ട്.

അന്നശ്ശേരി ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി

71. [89] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലുള്ള അന്നശ്ശേരി ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറിക്ക് ഒരു കെട്ടിടം പണിയുന്നതിനുള്ള സ്ഥലം നിർണ്ണയിച്ചു കഴിഞ്ഞുവോ ;

LIBRARY ARCHIVES Kerala Legislative Assembly